**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂൺ 17**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പത്രപ്രവർത്തക പെൻഷൻ : നോമിനിയെ നിർദ്ദേശിക്കാം

പത്രപ്രവർത്തക ക്ഷേമപദ്ധതി അംഗങ്ങൾക്ക് നോമിനിയെ നിർദ്ദേശിക്കാനും നേരത്തെ നിർദ്ദേശിച്ച നോമിനിയെ മാറ്റാനും അപേക്ഷ നൽകാം. അപേക്ഷ ജൂൺ 30 നകം ഐ ആൻഡ് പി ആർ ഡി മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നൽകണം.

## കുടുംബശ്രീയ്ക്കു കീഴിൽ മാളയിൽ സ്മാർട്ട് അഗ്രി വില്ലേജ് ഒരുങ്ങുന്നു

കേരളത്തിന്റെ തനത് കാർഷിക സംസ്കാരത്തിന്റെ നഷ്ടപ്പെട്ട ഖ്യാതി തിരിച്ചുപിടിയ്ക്കുക എന്ന ലക്ഷ്യത്തൊടെ സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ സ്മാർട്ട് അഗ്രി വില്ലേജ് പദ്ധതി ജില്ലയിൽ മാളയിൽ നടപ്പിലാക്കുന്നു. ജില്ലയിലെ ഒരു ഗ്രാമത്തെ ദത്തെടുത്ത് ഒരു വർഷത്തിനുള്ളിൽ കാർഷിക ഗ്രാമമാക്കുക എന്നതാണ് സ്മാർട്ട് അഗ്രി വില്ലേജ് പദ്ധതിയിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. മാള പഞ്ചായത്തിലെ 507 ഹെക്ടർ വിസ്തീർണ്ണമുള്ള കുരിയിച്ചിറ കോട്ടുപാടം തോടാണ് സ്മാർട്ട് അഗ്രി വില്ലേജിനായി ദത്തെടുക്കുക. കുടുംബശ്രീയുടെ സംഘകൃഷി ഗ്രൂപ്പുകളുമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സഹകരിച്ചാണ് പദ്ധതി പ്രാവർത്തികമാക്കുക. നെല്ല്, അടയ്ക്ക, വാഴകൃഷി, ജാതി, കുരുമുളക്, ഇഞ്ചി, കപ്പ, റബർ, പച്ചക്കറി തുടങ്ങിയ കൃഷികൾക്കു പുറമേയായി മത്സ്യകൃഷി, കന്നുകാലി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, ആട് വളർത്തൽ എന്നിവയും ഉണ്ടാകും. ഒരേ കാർഷിക വിളയിലോ, ഒരേ സംരംഭകത്വ പ്രവർത്തനങ്ങളിലോ ഏർപ്പെട്ട കർഷകരെ ഒരേ കുടക്കീഴിൽ കൊണ്ടുവരുവാൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിലൂടെ ഒരു പ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾക്ക് പൊതുസ്വഭാവം കൈവരിക്കുക വഴി അവയുടെ ഉന്നമനമാണ് ലക്ഷ്യം. കാർഷികവൃത്തിയിൽ ഏർപ്പെട്ട കുടുംബശ്രീ വനിതകളാണ് പദ്ധതിയുടെ പ്രഥമ ഗുണഭോക്താക്കൾ. ഇവർക്കു പുറമേ കൃഷി ഉപജീവനമാർഗമാക്കിയവർക്കും പദ്ധതിയിൽ പങ്കു ചേരാൻ താൽപര്യമുള്ളവർക്കും ഗുണഭോക്താക്കളാവാൻ സാധിക്കും.

## ജില്ലാ ആസൂത്രണ സമിതി 19 ന്

ജില്ലാ ആസൂത്രണ സമിതി യോഗം ജൂൺ 19 വൈകീട്ട് മൂന്നിന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## യോഗം 20 ന്

ജൂൺ മാസത്തെ എൽ ആർ അവലോകന യോഗം ജൂൺ 20 ഉച്ച 2.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## കാർബൺ തുലിത കുന്നംകുളത്തിനായി വനവൽക്കരണ നടപടികൾ തുടരുന്നു

സാമൂഹ്യ വനവൽക്കരണത്തിലൂടെ കാർബണിന്റെ അളവ് കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി നഗരസഭ പ്രദേശത്ത് ലഭ്യമായ സ്ഥലങ്ങളിൽ വനവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ചെമ്മണൂർ പകൽ വീട് പരിസരത്ത് നഗരസഭ ചെയർപേർസൺ സീത രവീന്ദ്രന്റെ

നേതൃത്വത്തിൽ കൗൺസിലർമാരും ജീവനക്കാരും പൊതുജനങ്ങളും ചേർന്ന് ഔഷധച്ചെടികൾ നട്ടുപിടിപ്പിച്ചു. ലോക വയോജന ചൂഷണവിരുദ്ധ ബോധവൽക്കരണ ദിനത്തിൽ പരിസ്ഥിതി സംരക്ഷണത്തിനായി വൃക്ഷ തൈകൾ നടുന്നതിന് വയോജനങ്ങളും പങ്കാളികളായി. സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാരായ സുമ ഗംഗാധരൻ, കെ.കെ.ആനന്ദൻ, നഗരസഭ സെക്രട്ടറി കെ.കെ. മനോജ്, ഹെൽത്ത് സൂപ്പർവൈസർ കെ.എസ്.ലക്ഷ്മണൻ, വയോമിത്രം മെഡിക്കൽ ഓഫീസർ ഡോ.പ്രേമ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

നഗരസഭ പ്രദേശത്തെ റവന്യു പുറംപോക്ക് സ്ഥലങ്ങൾ വനവൽക്കരണത്തിനായി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തഹസിൽദാർക്ക് നഗരസഭയ്ക്ക് കത്ത് നൽകി. മുപ്പത് വർഷത്തേക്കെങ്കിലും ഭൂമി കൈമാറ്റം ചെയ്യുകയോ നിർമ്മാണ പ്രവൃത്തികൾ നടത്തുകയോ ചെയ്യില്ലെന്നുറപ്പു തരുന്ന സ്വകാര്യ സ്ഥലങ്ങളും വനവൽക്കരണം നടത്തുവാൻ നഗരസഭ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് കത്തിക്കാതയും വലിച്ചെറിയാതെയും കഴുകി വൃത്തിയാക്കി നഗരസഭയുടെ ഹരിത കർമ്മ സേനക്ക് കൈമാറണമെന്ന് ചെയർപേഴ്സൺ അറിയിച്ചു. ലഭ്യമായ ഇടങ്ങളിൽ വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കണമെന്നും, കിണർ റീചാർജ്ജിംഗിലൂടെ ആ ജീവനാന്തം കുടിവെള്ളം സംരക്ഷിക്കണമെന്നും, കാർബൺ തുലിത കുന്നംകുളം എന്ന ലക്ഷ്യപ്രാപ്തിക്കായി പൊതുജനങ്ങൾ നഗരസഭയുടെ നിർദ്ദേശങ്ങൾ പാലിക്കണമെന്നും ചെയർപേഴ്സൺ പറഞ്ഞു.

## ജലരക്ഷ ജീവരക്ഷ : യോഗം 19 ന്

ജലരക്ഷ ജീവരക്ഷയുടെ ടാസ്ക് ഫോഴ്സ് യോഗം ജൂൺ 19 വൈകീട്ട് നാലിന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

## ഫാഷൻ ഡിസൈനിങ് ഡിഗ്രി സീറ്റൊഴിവ്

കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ കീഴിലുള്ള അപ്പാരൽ ട്രെയിനിങ് ആൻഡ് ഡിസൈൻ സെന്ററും രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡവലപ്പ്മെന്റും സംയുക്തമായി നടത്തുന്ന മൂന്ന് വർഷത്തെ ബിവോക് ഡിഗ്രി ഇൻ ഫാഷൻ ഡിസൈനിങ് ആൻഡ് റീട്ടെയിൽ കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു. താൽപര്യമുള്ളവർ അനുബന്ധ രേഖകളുമായി ജൂൺ 20 രാവിലെ 11 ന് കണ്ണൂർ തളിപ്പറമ്പ് നാടുകാണിയിലെ അപ്പാരൽ ട്രെയിനിങ് ആൻഡ് ഡിസൈൻ സെന്ററിൽ നേരിട്ട് ഹാജരാകണം. ഫോൺ : 0460-2226110, 9746394616.

## ഹരിതം സഹകരണം വൃക്ഷത്തൈ വിതരണം

താഴേക്കാട് സർവീസ് സഹകരണ ബാങ്ക് ഹരിതം സഹകരണം പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈ വിതരണവും വിദ്യാഭ്യാസ അവാർഡ് സമർപ്പണവും പ്രൊഫ. കെ യു അരുണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് എം. എസ്. മൊയ്തീൻ അധ്യക്ഷത വഹിച്ചു. ആളൂർ ഗ്രാമ പഞ്ചായത്ത്പ്രസിഡന്റ് സന്ധ്യ നൈസൻ കശുമാവിൻ തൈകളുടെ വിതരണം നടത്തി. എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും സിവിൽ സർവീസ്, ഇന്ത്യൻ ഫോറസ്റ്റ് സർവീസ് എന്നീ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കേരള യൂണിവേഴ്സിറ്റി ബി. ടെക് ഒന്നാം റാങ്കുകാരിയുമായ ശ്വേത സുഗതനും ജില്ലാ പഞ്ചായത്ത് മെമ്പർ കാതറിൻ പോൾ അവാർഡ് വിതരണം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അഡ്വ. എം. എസ്. വിനയൻ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അജിത സുബ്രമണ്യൻ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അംബിക ശിവദാസൻ, ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സി. ജെ. നിക്സൺ തുടങ്ങിയവർ സംസാരിച്ചു. ഡയറക്ടർ എം. ബി. ലത്തീഫ് സ്വാഗതവും സെക്രട്ടറി പി. പി. ജോസ് നന്ദിയും പറഞ്ഞു.

## പിഎസ്‌സി അഭിമുഖം

തൃശൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ലൈബ്രേറിയൻ ഗ്രേഡ് നാല് (കാറ്റഗറി നമ്പർ 539/16) തസ്തികയിലേക്ക് 2019 ഫെബ്രുവരി 28 ന് പ്രസിദ്ധീകരിച്ച ചുരുക്കപട്ടികയിൽ ഉൾപ്പെട്ടവർക്കുള്ള അഭിമുഖം ജൂൺ 19, 20 എന്നീ തീയതിയിൽ തൃശൂർ ജില്ലാ പിഎസ്‌സി ഓഫീസിൽ നടത്തും. ഉദ്യോഗാർത്ഥികൾക്ക് എസ്എംഎസ്, പ്രൊഫൈൽ മെസ്സേജ് എന്നിവ നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്തും സ്ഥലത്തും ഹാജരാകേണ്ടതാണെന്ന് ജില്ലാ ഓഫീസർ അറിയിച്ചു.

## ഐടിഐ പ്രവേശനം

കേരള തൊഴിലാളി ക്ഷേമനിധി ബോർഡിൽ വരിക്കാരായ തൊഴിലാളികളുടെ മക്കൾക്ക് ഈ അദ്ധ്യയന വർഷം ഐടിഐ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ്സാണ് യോഗ്യത. തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 150 രൂപ സ്റ്റൈപ്പന്റ് ബോർഡിൽ നിന്ന് ലഭിക്കും. അപേക്ഷാഫോം പൂത്തോളിലെ മാർസ് കോംപ്ലക്സിലെ ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ 10 രൂപയ്ക്ക് നേരിട്ടും 15 രൂപയ്ക്ക് മണിയോർഡറായും ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 25. ഫോൺ : 0487-2384494.

## അപേക്ഷ ക്ഷണിച്ചു

തൃശൂർ കെൽട്രോൺ സെന്ററിൽ ഡിജിറ്റൽ മീഡിയ ഡിസൈനിങ് ആൻഡ് ആനിമേഷൻ ഫിലിംമേക്കിങ്, ഗ്രാഫിക്സ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിങ് ടെക്നിക്സ്, ഗ്രാഫിക്സ് ഡിസൈൻ, വെബ് ഡിസൈൻ എന്നീ കോഴ്സുകളിലേക്ക് എസ്എസ്എൽസി, പ്ലസ് ടു, വിഎച്ച്എസ്‌സി യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം നേരിട്ട് എത്തണം. ഫോൺ : 0487-2429000.

## ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനവിതരണം

ആളൂർ ഗ്രാമ പഞ്ചായത്ത് 2018-19 വാർഷിക ഉൾപ്പെടുത്തി ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനങ്ങളും സഹായ ഉപകരണങ്ങളും വിതരണം ചെയ്തു. പഞ്ചായത്ത് കുടുംബശ്രീ ഹാളിൽ പ്രൊഫ. കെ. യു. അരുണൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യ നൈസൻ അധ്യക്ഷത വഹിച്ചു. 15 ലക്ഷം രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തു. 13 പേർക്ക് മുച്ചക്ര വാഹന സഹായം ലഭിച്ചു. ഐ സി എസ് സൂപ്പർ വൈസർ ടി. ഷാലിമ പദ്ധതി വിശദീകരണം നടത്തി. വൈസ് പ്രസിഡന്റ് എ. ആർ. ഡേവിസ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ അജിത സുബ്രമണ്യൻ, അംബിക ശിവദാസൻ, സി ഡി എസ് ചെയർപേഴ്സൺ രതി സുരേഷ് എന്നിവർ സംസാരിച്ചു. ക്ഷേമകാര്യ സ്ഥിരം സമിതി അംഗം സി. ജെ. നിക്സൺ സ്വാഗതവും സെക്രട്ടറി പി. എസ് ശ്രീകാന്ദ് നന്ദിയും പറഞ്ഞു.

അവസാനിച്ചു